എ.വൈ.ആർ


സൂറഃ-9

# അത്തൗബ

۞ وَمِنْهُم مَّنْ عَٰهَدَ ٱللَّهَ لَئِنْ ءَاتَىٰنَا مِن فَضْلِهِۦ لَنَصَّدَّقَنَّ وَلَنَكُونَنَّ مِنَ
ٱلصَّٰلِحِينَ ﴿٧٥﴾

فَلَمَّآ ءَاتَىٰهُم مِّن فَضْلِهِۦ بَخِلُوا۟ بِهِۦ وَتَوَلَّوا۟ وَّهُم مُّعْرِضُونَ ﴿٧٦﴾

فَأَعْقَبَهُمْ نِفَاقًا فِى قُلُوبِهِمْ إِلَىٰ يَوْمِ يَلْقَوْنَهُۥ بِمَآ أَخْلَفُوا۟ ٱللَّهَ مَا
وَعَدُوهُ وَبِمَا كَانُوا۟ يَكْذِبُونَ ﴿٧٧﴾

أَلَمْ يَعْلَمُوٓا۟ أَنَّ ٱللَّهَ يَعْلَمُ سِرَّهُمْ وَنَجْوَىٰهُمْ وَأَنَّ
ٱللَّهَ عَلَّٰمُ ٱلْغُيُوبِ ﴿٧٨﴾

ٱلَّذِينَ يَلْمِزُونَ ٱلْمُطَّوِّعِينَ مِنَ ٱلْمُؤْمِنِينَ فِى ٱلصَّدَقَٰتِ وَٱلَّذِينَ
لَا يَجِدُونَ إِلَّا جُهْدَهُمْ فَيَسْخَرُونَ مِنْهُمْ ۙ سَخِرَ ٱللَّهُ مِنْهُمْ وَلَهُمْ
عَذَابٌ أَلِيمٌ ﴿٧٩﴾

**75.** അല്ലാഹു ഞങ്ങൾക്ക് അനുഗ്രഹമരുളുകയാണെങ്കിൽ തീർച്ചയായും ഞങ്ങൾ ദാനധർമങ്ങൾ ചെയ്യുകയും സൽക്കർമികളാവുകയും ചെയ്തുകൊള്ളാം എന്ന് അല്ലാഹുവിനോട് പ്രതിജ്ഞ ചെയ്തവരും അക്കൂട്ടത്തിലുണ്ട്.

**76.** അല്ലാഹു അനുഗ്രഹിച്ച് സമ്പന്നരാക്കിയപ്പോഴോ അവർ ലുബ്ധരാവുകയും സ്വന്തം പ്രതിജ്ഞ അവഗണിച്ച് പിന്മാറുകയും ചെയ്തു.

**77.** അല്ലാഹുവുമായുള്ള വാഗ്ദത്തം ലംഘിച്ചതിനാലും കള്ളം പറഞ്ഞുകൊണ്ടിരുന്നതിനാലും അവർ അവനെ കണ്ടുമുട്ടുന്ന അന്ത്യനാൾ വരേക്കും അവരുടെ ഹൃദയങ്ങളിൽ കാപട്യം കുടിയിരുത്തിയിരിക്കുന്നു.

**78.** ഈ ജനം അറിഞ്ഞിട്ടില്ലെയോ, അല്ലാഹു അവരുടെ രഹസ്യങ്ങളും കുശുകുശുപ്പുകളുമെല്ലാം അറിയുന്നുവെന്നും അഗോചര സംഗതികളിലൊക്കെയും സമ്പൂർണ ജ്ഞാനമുള്ളവനാണല്ലാഹുവെന്നും?

**79.** സ്വയം സന്നദ്ധരായി ദാനധർമങ്ങൾ ചെയ്യുന്ന വിശ്വാസികളെ വിമർശിക്കുകയും, വളരെ ക്ലേശിച്ചു മാത്രം വല്ലതും നൽകാൻ കഴിയുന്ന പാവങ്ങളെ പുഛരിക്കുകയും ചെയ്യുന്നവരെ അവൻ അറിയുന്നുണ്ട്. അവരെ അല്ലാഹു പുഛരിച്ചിരിക്കുന്നു. നോവേറിയ ശിക്ഷയുമുണ്ടവർക്ക്.

وَمِنْهُم = അവരിൽ പെട്ടവർ (അക്കൂട്ടത്തിലുണ്ട്) مَّنْ عَٰهَدَ ٱللَّهَ = അല്ലാഹുവിനോട് പ്രതിജ്ഞ ചെയ്തവരും

لَئِنْ ءَاتَىٰنَا = അവൻ ഞങ്ങൾക്ക് നൽകു(അരുളു)കയാണെങ്കിൽ مِن فَضْلِهِۦ = അവന്റെ അനുഗ്രഹ(ം)ത്തിൽനിന്ന്

لَنَصَّدَّقَنَّ = തീർച്ചയായും ഞങ്ങൾ ദാനധർമങ്ങൾ ചെയ്തുകൊള്ളാം

وَلَنَكُونَنَّ = തീർച്ചയായും ഞങ്ങൾ ആവുകയും ചെയ്തുകൊള്ളാം مِنَ ٱلصَّٰلِحِينَ = സച്ചരിതരിൽപെട്ടവർ (സൽകർമികൾ)

فَلَمَّآ ءَاتَىٰهُم مِّن فَضْلِهِۦ = അവൻ അവന്റെ അനുഗ്രഹത്തിൽനിന്ന് അവർക്ക് നൽകിയപ്പോൾ

(അല്ലാഹു അനുഗ്രഹിച്ച് സമ്പന്നരാക്കിയപ്പോഴോ)

بَخِلُوا۟ بِهِۦ = അത് (അനുഗ്രഹം) കൊണ്ട് അവർ ലുബ്ധരായി(വുകയും) وَتَوَلَّوا۟ = അവർ പിന്മാറുകയും ചെയ്തു

وَّهُم مُّعْرِضُونَ = അവർ അവഗണിക്കുന്നവരായ അവസ്ഥയിൽ (സ്വന്തം പ്രതിജ്ഞയെ അവഗണിച്ച്)

فَأَعْقَبَهُمْ = അത് (ആ ലുബ്ധ്) പിന്തുടർത്തി, അതിനു ഫലമാക്കി (കുടിയിരുത്തി) نِفَاقًا = കാപട്യം

فِى قُلُوبِهِمْ = അവരുടെ ഹൃദയങ്ങളിൽ إِلَىٰ يَوْمِ = (അന്ത്യ)നാൾവരേക്കും يَلْقَوْنَهُۥ = അവർ അവനെ കണ്ടുമുട്ടുന്ന

بِمَآ أَخْلَفُوا۟ ٱللَّهَ = അവർ അല്ലാഹുവിനോട് ലംഘിച്ചതിനാൽ مَا وَعَدُوهُ = അവർ അവനോട് വാഗ്ദത്തം ചെയ്തത്

وَبِمَا كَانُوا۟ يَكْذِبُونَ = അവർ കള്ളം പറഞ്ഞുകൊണ്ടിരുന്നതിനാലും أَلَمْ يَعْلَمُوٓا۟ = അവർ അറിഞ്ഞിട്ടില്ലയോ

أَنَّ ٱللَّهَ يَعْلَمُ = തീർച്ചയായും അല്ലാഹു അറിയുന്നുവെന്ന് سِرَّهُمْ = അവരുടെ രഹസ്യം

وَنَجْوَىٰهُمْ = അവരുടെ സ്വകാര്യ സംഭാഷണവും (കുശുകുശുപ്പും)

وَأَنَّ ٱللَّهَ عَلَّٰمُ = അല്ലാഹു (വാണ്)സമ്പൂർണ ജ്ഞാനമുള്ളവൻ (എന്നും)

ٱلْغُيُوبِ = അഗോചരമായ സംഗതികൾ(ളിലൊക്കെയും) ٱلَّذِينَ يَلْمِزُونَ = കുത്തുവാക്കുകൾ പറയു(വിമർശിക്കു)ന്നവർ

ٱلْمُطَّوِّعِينَ = സ്വയം സന്നദ്ധരായവരെ مِنَ ٱلْمُؤْمِنِينَ = സത്യവിശ്വാസികളിൽനിന്നുള്ള

فِى ٱلصَّدَقَٰتِ = ദാനധർമങ്ങളിൽ(ങ്ങൾ ചെയ്യുന്ന)

وَٱلَّذِينَ لَا يَجِدُونَ إِلَّا جُهْدَهُمْ = അവരുടെ കഠിനാധ്വാനമല്ലാതെ ഒന്നും കാണാത്തവരെ

(ക്ലേശിച്ചു മാത്രം വല്ലതും നൽകാൻ കഴിയുന്ന പാവങ്ങളെ)

فَيَسْخَرُونَ مِنْهُمْ = അപ്പോൾ അവർ അവരെ പുഛിക്കുന്നു (പുഛിക്കുകയും ചെയ്യുന്ന പണക്കാരെ അവൻ അറിയുന്നുണ്ട്)

سَخِرَ ٱللَّهُ مِنْهُمْ = അല്ലാഹു അവരെ പുഛിച്ചിരിക്കുന്നു وَلَهُمْ = അവർക്കുണ്ട് عَذَابٌ أَلِيمٌ = നോവേറിയ ശിക്ഷ(യും)

**75,76:** പ്രവാചകന്റെ കാലത്ത് മദീനയിലുണ്ടായിരുന്ന കപട വിശ്വാസികൾക്ക് ഇസ്‌ലാമിന്റെ ആഗമനം മൂലം ഗുണം മാത്രമേ ഉണ്ടായിട്ടുള്ളൂവെന്നും, അവർ ഇസ്‌ലാമിനോട് ശത്രുതയും വഞ്ചനയും കാണിക്കുന്നതിന് ബുദ്ധിപരമോ ധാർമികമോ ആയ യാതൊരു ന്യായവുമില്ലെന്നും മുൻ സൂക്തത്തിൽ സൂചിപ്പിച്ചുവല്ലോ. അവരുടെ ഈ നിലപാട് നികൃഷ്ടമായ നന്ദികേടും വാഗ്ദത്ത ലംഘനവുമാണെന്ന് വ്യക്തമാക്കുകയാണ് ഈ സൂക്തങ്ങൾ.

ഈ കപടവിശ്വാസികൾ നേരത്തേ പ്രാർഥിക്കാറുണ്ടായിരുന്നു, ഞങ്ങൾക്ക് സമ്പദ്സമൃദ്ധിയരുളേണമേ, എങ്കിൽ ഞങ്ങൾ ധാരാളം ദാനധർമങ്ങൾ ചെയ്യുകയും സൽക്കർമങ്ങളനുഷ്ഠിക്കുകയും ചെയ്തുകൊള്ളാം. തങ്ങളുടെ സമൃദ്ധിക്കുവേണ്ടി അല്ലാഹുവോട് പ്രാർഥിക്കാൻ അവർ നബി(സ)യോട് അപേക്ഷിക്കാറുമുണ്ടായിരുന്നു. നബി(സ) അവർക്കുവേണ്ടി പ്രാർഥിക്കുകയും ചെയ്യുമായിരുന്നു. പക്ഷേ, സമ്പത്തും സൗഭാഗ്യവും വർധിക്കുമ്പോൾ അവരതൊക്കെ മറക്കും. വല്ലതും ചെലവഴിക്കേണ്ടിവരുന്ന സൽകാര്യങ്ങളിൽനിന്നൊക്കെ അല്ലാഹുവിനോട് ചെയ്ത വാഗ്ദാനം മനഃപൂർവം അവഗണിച്ചുകൊണ്ട് തന്ത്രപൂർവം പിന്മാറും. എന്നിട്ട് അപ്പുറത്ത് ചെന്ന് ആ നല്ല കാര്യങ്ങൾക്കെതിരെ ബാലിശമായ വിമർശനങ്ങളുന്നയിക്കുകയും, അതിൽനിന്ന് ഊരിച്ചാടിയത് തങ്ങളുടെ സാമർഥ്യമായി ഘോഷിക്കുകയും ചെയ്യും. ഇത്തരക്കാർ ഇക്കാലത്തുമുണ്ട്. അവർ അധികവും കപടന്മാർ-منافق- ആയി മനസ്സിലാക്കപ്പെടാറില്ല എന്നേയുള്ളൂ. ഈ സൂക്തങ്ങളുടെ അവതരണ പശ്ചാത്തലമായി ഇബ്നു അബീഹാതിമും ത്വബ്റാനിയും ബൈഹഖിയും ഉദ്ധരിച്ചിട്ടുള്ള ഒരു നിവേദനം ഇപ്രകാരമാണ്:

ഥഅ്‌ലബത്ബിൻ ഹാത്വിബ് എന്നു പേരായ ഒരു മദീനക്കാരൻ പ്രവാചക സന്നിധിയിൽ വന്ന് അപേക്ഷിച്ചു: "ദൈവദൂതരേ, എനിക്ക് ധാരാളം സമ്പത്ത് അരുളാൻ അങ്ങ് അല്ലാഹുവിനോട് പ്രാർഥിച്ചാലും." പ്രവാചകൻ പറഞ്ഞു: "ഓ, ഥഅ്‌ലബ! കഷ്ടം. നീ എന്നെപ്പോലെയാകുന്നതിൽ തൃപ്തനല്ലേ? എന്റെ റബ്ബ് ഈ മലകളെ എന്റെ കൂടെ നടത്തണമെന്ന് ഞാനാഗ്രഹിച്ചിരുന്നുവെങ്കിൽ തീർച്ചയായും അവ നടക്കുമായിരുന്നു." ഥഅ്‌ലബ അപേക്ഷ ആവർത്തിച്ചു. "തിരുദൂതരേ, എനിക്ക് ധാരാളം സമ്പത്തരുളാൻ അല്ലാഹുവിനോട് പ്രാർഥിച്ചാലും. അങ്ങയെ നിയോഗിച്ചവനാണ, എനിക്ക് അല്ലാഹു ധാരാളം ധനമരുളിയാൽ എല്ലാ അവകാശികൾക്കും ഞാനവരുടെ അവകാശം നൽകും." തിരുമേനി: "കഷ്ടം തന്നെ....! നിനക്ക് നന്ദി പ്രകടിപ്പിക്കാൻ കഴിയുന്ന അൽപ ധനമാണ് നന്ദി പ്രകടിപ്പിക്കാനാവാത്ത അധിക ധനത്തേക്കാൾ ശ്രേഷ്ഠമായത്." ഥഅ്‌ലബ തന്റെ അപേക്ഷയിൽനിന്ന് ഇളകിയില്ല. "ദൈവദൂതരേ, എനിക്കുവേണ്ടി അങ്ങ് മഹോന്നതനായ അല്ലാഹുവിനോട് പ്രാർഥിച്ചാലും." നബി(സ) അയാൾക്കു വേണ്ടി പ്രാർഥിച്ചു: "അല്ലാഹുവേ, ഇദ്ദേഹത്തിന് ധാരാളം സമ്പത്തരുളേണമേ!" അങ്ങനെ അയാൾ കുറച്ച് ആടുകളെ വ്യാപാരം ചെയ്തു. അതിൽ വലിയ അനുഗ്രഹമുണ്ടായി. ഥഅ്‌ലബയുടെ ആടുകൾ പുഴുക്കൾ പോലെ പെരുകി. മദീനയിൽ അവക്ക് ഇടം പോരാതെ വന്നു. ഥഅ്‌ലബ തന്റെ ആടുകളെയും കൊണ്ട് കുറച്ചപ്പുറത്തേക്ക് മാറി. അതിനാൽ അയാൾക്ക് പകൽ മാത്രമേ ജമാഅത്ത് നമസ്കാരങ്ങൾക്കെത്താൻ കഴിഞ്ഞുള്ളൂ. രാത്രിയിൽ പള്ളിയിൽ വരാതായി. ആടുകൾ പിന്നെയും പെരുകിക്കൊണ്ടിരുന്നു. ഥഅ്‌ലബ അവയെയും കൊണ്ട് കുറേകൂടി അകലേക്കു മാറി. ഇപ്പോഴയാൾക്ക് രാത്രിയും പകലും പള്ളിയിൽ വരാൻ കഴിയാതെയായി. റസൂലിനൊപ്പം നമസ്കാരം ജുമുഅ ദിവസം മാത്രമായി ചുരുങ്ങി. ആടുകൾ പിന്നെയും പെരുകി. സ്ഥലമിടുങ്ങിയപ്പോൾ ഥഅ്‌ലബ കൂടുതൽ അകലേക്ക് മാറി. ഇപ്പോഴയാൾ ജുമുഅക്കും എത്താതായി. മയ്യിത്ത് നമസ്കാരങ്ങൾക്കു പോലും ഥഅ്‌ലബ നബി(സ)യുടെ കൂടെ ഉണ്ടാവാറില്ല. സഞ്ചാ

രികളെ കണ്ടുമുട്ടുമ്പോൾ വിവരങ്ങളാരായുന്നതിൽ പരിമിതമായി ദീനുമായും ദീനീ പ്രവർത്തകരുമായും അയാൾക്കുള്ള ബന്ധം.

കുറേ നാൾ കാണാതായപ്പോൾ നബി(സ) ഥഅ്ലബയെ കുറിച്ച് അന്വേഷിച്ചു. അയാൾ കാലിസമ്പത്ത് വർധിച്ചതുമൂലം മദീനയിൽനിന്ന് അകന്ന് താമസിക്കുകയാണെന്നറിഞ്ഞ പ്രവാചകന്റെ പ്രതികരണം ഇതായിരുന്നു: "ഥഅ്ലബയുടെ കഷ്ടകാലം!" പിന്നീട് സമ്പന്നരിൽനിന്ന് സകാത്ത് പരിച്ചെടുക്കാനുള്ള ദൈവ കൽപന വന്നു. നബി(സ) രണ്ടു ശിഷ്യന്മാരെ, ആടിന്റെയും ഒട്ടകത്തിന്റെയും സകാത്ത് വ്യവസ്ഥ രേഖപ്പെടുത്തിയ ഒരെഴുത്തുമായി ഥഅ്ലബയുടെയും സുലൈം ഗോത്രത്തിലെ ഒരു ധനികന്റെയും അടുത്തേക്ക് അയച്ചു. പ്രവാചകന്റെ ദൂതന്മാർ സമീപിച്ചപ്പോൾ ഥഅ്ലബ ഓരോ തൊടുന്യായങ്ങൾ പറഞ്ഞ് സകാത്ത് കൊടുക്കാൻ വിസമ്മതിച്ചു. സുലൈം ഗോത്രത്തിലെ ധനികനാവട്ടെ പ്രവാചക ദൂതന്മാരെ ഭംഗിയായി സ്വീകരിക്കുകയും തന്റെ മുതലിൽനിന്ന് ഏറ്റം നല്ലത് തെരഞ്ഞെടുത്ത് സകാത്തായി നൽകുകയും ചെയ്തു. ദൂതന്മാർ മദീനയിലെത്തി വിവരങ്ങൾ പ്രവാചകനെ ധരിപ്പിക്കുന്നതിനു മുമ്പ് തന്നെ പ്രവാചകൻ പറഞ്ഞു: "ഥഅ്ലബത്ബിൻ ഹാത്വിബിന് നാശം പറ്റി!" സുലൈം ഗോത്രക്കാരനു വേണ്ടി നബി(സ) അനുഗ്രഹ പ്രാർഥന നടത്തുകയും ചെയ്തു. ഈ സന്ദർഭത്തിലാണ് وَمِنْهُم مَّنْ عَـٰهَدَ ٱللَّهَ എന്നു തുടങ്ങുന്ന സൂക്തം അവതരിച്ചത്.

ഥഅ്ലബതിന്റെ ചില ബന്ധുക്കൾ ഈ സൂക്തം കേട്ടു. അവർ ഥഅ്ലബയെ വിവരമറിയിച്ചു. ഉടനെ ഥഅ്ലബ റസൂലിന്റെ സന്നിധിയിലെത്തി അറിയിച്ചു: "തിരുദൂതരേ എന്റെ സകാത്ത് ഇതാ സ്വീകരിച്ചാലും." നബി(സ) പറഞ്ഞു: "നിന്നിൽനിന്നത് സ്വീകരിക്കുന്നത് അല്ലാഹു എന്നോട് വിലക്കിയിരിക്കുന്നു." ഥഅ്ലബ കരയാൻ തുടങ്ങി. അയാൾ സ്വന്തം തലയിൽ മണ്ണുവാരിയിട്ടു. പ്രവാചകൻ പറഞ്ഞു: "നീ തന്നെ നിന്നോടു ചെയ്ത കർമമാണിത്. ഞാൻ നിന്നോട് ആവശ്യപ്പെട്ടപ്പോൾ നീ എനിക്കത് തന്നില്ലല്ലോ". പ്രവാചകന്റെ വിയോഗം വരെ അയാളിൽനിന്ന് സകാത്ത് സ്വീകരിക്കുകയുണ്ടായില്ല.

പിന്നീട് അയാൾ അബൂബക്കറിനെ(റ) സമീപിച്ചു: "അൻസ്വാരികളുടെ കൂട്ടത്തിൽ എനിക്കുള്ള സ്ഥാനം താങ്കൾക്കറിയാമല്ലോ. അതിനാൽ എന്റെ സകാത്ത് സ്വീകരിക്കണം." അദ്ദേഹം പറഞ്ഞു: "നബി(സ) സ്വീകരിച്ചിട്ടില്ലെന്നിരിക്കെ ഞാനത് സ്വീകരിക്കുകയോ?" അബൂബക്കറിന്റെ വിയോഗ ശേഷം ഉമർ(റ) ഖിലാഫത്ത് ഏറ്റെടുത്തപ്പോൾ ഥഅ്ലബ തന്റെ സകാത്തുമായി അദ്ദേഹത്തെയും സമീപിച്ചു. ഉമറിനെക്കൊണ്ടത് സ്വീകരിപ്പിക്കാൻ മുഹാജിറുകളുടെയും അൻസ്വാറുകളുടെയും പ്രവാചക പത്നിമാരുടെയും ശിപാർശ തേടുകയും ചെയ്തു. "നബി(സ)യും അബൂബക്കർ സിദ്ദീഖും നിരാകരിച്ചത് ഞാൻ സ്വീകരിക്കുകയോ? സാധ്യമല്ല." ഇതായിരുന്നു ഉമറിന്റെ പ്രതികരണം. അങ്ങനെ ഥഅ്ലബത്ബിൻ ഹാത്വിബിന്റെ, അല്ലാഹുവിനോടുള്ള വാഗ്ദത്ത ലംഘനം ഒരിക്കലും പരിഹരിക്കപ്പെടാതെ ലോകാവസാനം വരെ പാരായണം ചെയ്യപ്പെടുന്ന ഒരു വഞ്ചനയുടെ കഥയായി അവശേഷിച്ചു. പ്രാർഥനാവേളകളിൽ അല്ലാഹുവിനോടു ചെയ്യുന്ന പ്രതിജ്ഞകളുടെ ഗൗരവം ഈ കഥ നന്നായി വ്യക്തമാക്കിത്തരുന്നു. അതോടൊപ്പം അത്തരം പ്രതിജ്ഞകൾ ലംഘിക്കുന്നത് തികഞ്ഞ കാപട്യ(نفاق)ത്തിന്റെ ലക്ഷണമാണെന്നും. അതിസമ്പന്നതക്കു വേണ്ടിയുള്ള ആർത്തി അതിന്റെ ഉടമയെ എങ്ങനെ നശിപ്പിക്കുന്നുവെന്നും ഈ കഥ മനസ്സിലാക്കിത്തരുന്നു.

**77:** അന്ത്യം, അവശിഷ്ടം എന്നർഥമുള്ള عقِب–ൽനിന്നുള്ളതാണ് أعقب എന്ന ക്രിയ. കാലിന്റെ മടമ്പിന് عقَب എന്നു പറയും. عقَبَ പിന്തുടർന്നു. ഒരു സംഗതിയെത്തുടർന്ന് മറ്റൊന്ന് ഉളവായി, ഒരു സംഗതിയുടെ ഫലമായി മറ്റൊന്ന് ഉണ്ടായി എന്ന അർഥത്തിൽ ഉപയോഗിക്കുന്ന പദങ്ങളാണ് عقَبَയും أعقب യും. അല്ലാഹുവുമായി ചെയ്ത കരാർ ലംഘിച്ചതിന്റെയും, വിശ്വാസികളെന്നും ആത്മാർഥതയുള്ളവരെന്നും കള്ളം പറഞ്ഞു നടന്നതിന്റെയും ഫലമായി അവരുടെ മനസ്സുകളിൽ വിചാരണനാൾ വരെ നിലനിൽക്കുന്ന കാപട്യം രൂഢമായിരിക്കുന്നു എന്നാണ് فَأَعْقَبَهُمْ نِفَاقًا فِى قُلُوبِهِمْ إِلَىٰ يَوْمِ يَلْقَوْنَهُۥ എന്ന വാക്യത്തിന്റെ താൽപര്യം. اعقب–യുടെ കർത്താവ് അല്ലാഹുവാകാം, അവരുടെ വാഗ്ദത്ത ലംഘനവുമാകാം. രണ്ടായാലും സാരം ഒന്നുതന്നെ. അല്ലാഹുവിനോട് ചെയ്ത വാഗ്ദാനങ്ങൾ ലംഘിക്കുകയും സ്വന്തം ആദർശ വിശ്വാസങ്ങളെക്കുറിച്ച് വ്യാജമായ അവകാശവാദങ്ങുന്നയിക്കുകയും ചെയ്യുന്നവരുടെ മനസ്സിൽ ഒരിക്കലും ഒഴിഞ്ഞുപോകാത്ത വിധം കാപട്യം കുടിയിരുത്തപ്പെടുക എന്നതാണ് പ്രകൃതി നിയമം അഥവാ അല്ലാഹുവിന്റെ നടപടിക്രമം. യാദൃഛികമായി അകപ്പെട്ടുപോകുന്ന ഒരു നിലപാടല്ല കാപട്യം. അറിഞ്ഞുകൊണ്ടാണ് കപടന്മാർ തങ്ങളുടെ കാപട്യത്തെ പോറ്റിവളർത്തുന്നത്. അവരുടെ പശ്ചാത്താപ പ്രകടനം പോലും പലപ്പോഴും വ്യാജമായിരിക്കും. തന്റെ മുൻ ചെയ്തിയിൽ ആത്മാർഥമായി പശ്ചാത്തപിച്ചുകൊണ്ടായിരുന്നില്ല ഥഅ്ലബതുബിൻ ഹാത്വിബ് പിന്നീട് സകാത്തുമായി നബി(സ)യെ സമീപിച്ചത്. തന്നെക്കുറിച്ചവതരിച്ച ഖുർആൻ സൂക്തം സമൂഹത്തിലുള്ള തന്റെ സ്ഥാനമാനങ്ങൾ നഷ്ടപ്പെടുത്തുന്നതും താൻ നിന്ദ്യനും നികൃഷ്ടനുമായി കരുതപ്പെടുന്നതും തടയുകയായിരുന്നു അയാളുടെ ലക്ഷ്യം. ആദ്യം സകാത്ത് നൽകാതിരിക്കാൻ പ്രേരിപ്പിച്ച അവിശ്വാസം അല്ലെങ്കിൽ സന്ദേഹം അപ്പോഴും അയാളിലുണ്ടായിരുന്നു. അതുകൊണ്ടാണ് നബി(സ) അയാളുടെ സകാത്ത് സ്വീകരിക്കാൻ വിസമ്മതിച്ചത്. പിന്നീട് അബൂബക്കറി(റ)നെ സമീപിച്ചപ്പോഴും നേരത്തെ തന്നിൽനിന്നുണ്ടായ തെറ്റു തിരുത്തുന്നതിനെക്കുറിച്ചല്ല, അൻസ്വാരികൾക്കിടയിൽ തനിക്കുള്ള സ്ഥാനത്തെക്കുറിച്ചാണ് അയാൾ പറയുന്നത്. ഇത്തരം ആളുകളുടെ അടിസ്ഥാനപരമായ സത്യനിഷേധം വിചാരണനാളിൽ യാഥാർഥ്യം അവരുടെ മുന്നിൽ മധ്യാഹ്ന സൂര്യനെപ്പോലെ വന്നു നിൽക്കുമ്പോൾ മാത്രമേ പൂർണമായി വിട്ടുപിരിയുകയുള്ളൂ. ഈ സൂറയിലെ 110-ാം സൂക്തത്തിൽ മസ്ജിദുദിറാർ നിർമിച്ച കപടവിശ്വാസികളെക്കുറിച്ച് പറയുന്നു:

لَا يَزَالُ بُنْيَـٰنُهُمُ ٱلَّذِى بَنَوْا۟ رِيبَةً فِى قُلُوبِهِمْ إِلَّآ أَن تَقَطَّعَ قُلُوبُهُمْ ۗ وَٱللَّهُ عَلِيمٌ حَكِيمٌ ﴿١١٠﴾

(അവർ നിർമിച്ച ഈ കെട്ടിടം എന്നെന്നും അവരുടെ മനസ്സിൽ ഒരു സന്ദേഹമായിത്തന്നെ നിലനിൽക്കും. അവരുടെ ഹൃദയങ്ങൾ ചിന്നഭിന്നമാവുക എന്നല്ലാതെ അതിൽനിന്ന് രക്ഷപ്പെടാൻ ഒരു മാർഗവുമില്ല. അല്ലാഹു അഗാധ ജ്ഞാനമുള്ളവനും യുക്തിമാനുമാകുന്നു)

**78:** ഇവിടെ ചോദ്യം അത്ഭുത സൂചകമാണ്. ദീനീ വിഷയത്തിൽ കാപട്യം അനുവർത്തിക്കുന്നവരുടെ മൗഢ്യത്തെയാണത് വെളിപ്പെടുത്തുന്നത്. താൽപര്യമിതാണ്: തങ്ങളിലൊരുവനെപ്പോലുള്ള ഒരു അസ്തിത്വമായിട്ടാണോ അല്ലാഹുവിനെ

ഇക്കൂട്ടർ കരുതുന്നത്? കുതന്ത്രങ്ങളുപയോഗിച്ച് വഞ്ചിക്കാവുന്ന, കള്ളങ്ങൾ പറഞ്ഞ് പറ്റിക്കാവുന്ന ഒരാളായിട്ട്. എത്രയോ വേദങ്ങൾ വന്നു. പ്രവാചകന്മാർ വന്നു. അല്ലാഹുവിനെക്കുറിച്ചും അവന്റെ ഗുണങ്ങളെക്കുറിച്ചും നിരന്തരം പഠിപ്പിച്ചു. എണ്ണമറ്റ യാഥാർഥ്യങ്ങൾ വെളിപ്പെടുകയും സുദീർഘവും നിരന്തരവുമായ ശിക്ഷണവും സംസ്കരണവും ശുദ്ധീകരണവുമൊക്കെ ലഭിക്കുകയും ചെയ്ത ശേഷവും തങ്ങളുടെ മനസ്സിലുള്ളതെന്താണെന്ന് തങ്ങളേക്കാൾ നന്നായി അല്ലാഹുവിനറിയാം എന്ന ലളിത സത്യംപോലും ഉൾക്കൊള്ളാനാവാത്ത മൂഢന്മാരാണോ ഇക്കൂട്ടർ?! തങ്ങൾ പുറത്തു കാണിക്കുന്നതും കേൾപ്പിക്കുന്നതും മാത്രമേ അല്ലാഹു കാണുകയും കേൾക്കുകയും ചെയ്യുന്നുള്ളൂ എന്നാണോ വിചാരം? എന്നാൽ അല്ലാഹുവിന് പരസ്യവും രഹസ്യവും ഒരുപോലെയാണ്. അവരുടെ അന്തരാളങ്ങളിലൊളിഞ്ഞിരിക്കുന്നതെല്ലാം അല്ലാഹു നല്ലവണ്ണം കാണുന്നുണ്ട്. അവർ ഏത് ഗുഹയിലൊളിച്ച് നടത്തുന്ന കുശുകുശുപ്പും ഗൂഢാലോചനയും അവൻ ഏറ്റം വ്യക്തമായി കേൾക്കുന്നുമുണ്ട്.

**79:** അതിനാൽ അല്ലാഹു കേൾക്കുന്നില്ല, കാണുന്നില്ല എന്നു കരുതി ആരും രഹസ്യങ്ങളൊളിപ്പിക്കാനോ ഗൂഢാലോചനകളിലേർപ്പെടാനോ നോക്കണ്ട. ആർക്കും ഒന്നും കൊടുക്കാതെ ധനം കെട്ടിപ്പൂട്ടിവെക്കുന്ന ലുബ്ധരായ കപടന്മാർ , സാമ്പത്തിക സൗകര്യമുള്ള നിഷ്കളങ്ക വിശ്വാസികൾ ഉദാരമായി ദാനധർമങ്ങൾ ചെയ്യുമ്പോൾ അതിനെ നാട്യമെന്നും പൊങ്ങച്ചമെന്നും വിമർശിക്കുന്നതും, പാവങ്ങളായ വിശ്വാസികൾ തങ്ങളുടെ കഴിവ് അനുവദിക്കുന്ന തുഛമായത് ധർമം ചെയ്യുമ്പോൾ, ഈ ദരിദ്രവാസിയുടെ ഉരിയും ആഴക്കും കൊണ്ട് അല്ലാഹുവിനെന്തു കാര്യം എന്ന് പുഛിക്കുന്നതും അവൻ കേൾക്കുന്നുണ്ട്. അതുവഴി സ്വന്തം ലുബ്ധിനെ ജനങ്ങൾക്കിടയിൽ മഹത്വവത്കരിക്കാൻ ശ്രമിക്കുകയുമാണവർ. എന്നാൽ അവർ മനസ്സിലാക്കണം; പാവങ്ങളായ വിശ്വാസികളെ പുഛിക്കുന്നവരെയാണ് അല്ലാഹു പുഛിക്കുന്നത്. അവരുടേതാണ് യഥാർഥത്തിൽ പുഛവും പരിഹാസവും അർഹിക്കുന്ന അവസ്ഥ. പരലോകത്ത് ദാരുണവും ശോചനീയവുമായ നരകശിക്ഷയാണവരെ കാത്തിരിക്കുന്നത്.

ٱلَّذِينَ يَلْمِزُونَ (കുത്തുവാക്കുകൾ പറയുന്നവർ) എന്നതിലെ 'അവർ' കൊണ്ട് വിവക്ഷിക്കുന്നത് سِرَّهُمْ وَنَجْوَىٰهُمْ (അവരുടെ രഹസ്യവും കുശുകുശുപ്പും) എന്നതിലെ 'അവർ' തന്നെയാണെന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. അപ്പോൾ ഈ സൂക്തം മുൻ സൂക്തത്തിന്റെ പൂരണമാണ്. അതനുസരിച്ച് വാക്യത്തെ ഇങ്ങനെയും തർജമ ചെയ്യാം: "സ്വയം സന്നദ്ധരായി ദാനധർമങ്ങൾ ചെയ്യുന്ന വിശ്വാസികളെ വിമർശിക്കുകയും വളരെ ക്ലേശിച്ചു മാത്രം വല്ലതും നൽകുന്ന പാവങ്ങളെ പുഛിക്കുകയും ചെയ്യുന്നവരുടെ രഹസ്യങ്ങളും കുശുകുശുപ്പുകളും." കാര്യകാരണ സഹിതമല്ലാത്ത അമാന്യമായ വിമർശനമാണ് لَمْز. കുത്തിപ്പറയൽ, മുനവെച്ചു സംസാരിക്കൽ, കണ്ണുകൊണ്ടും ചുണ്ടുകൊണ്ടും കൈകൊണ്ടുമൊക്കെയുള്ള മുദ്രകളിലൂടെ ആക്ഷേപിക്കൽ ഇതെല്ലാം لَمْز-ൽപെടുന്നു. ക്ലേശകരമായ അധ്വാനവും പ്രയത്നവുമാണ് جهد. ക്ലേശകരമായ പ്രയത്നത്തിലൂടെ നേടിയ തുഛ വിഭവം എന്ന അർഥത്തിലും ഈ പദം ഉപയോഗിക്കുന്നു. ക്ലേശകരമായ അധ്വാനത്തിലൂടെ നേടിയ തുഛ വിഭവമല്ലാതെ ഒന്നും കൈയിലില്ലാത്ത പാവങ്ങളാണ് ٱلَّذِينَ لَا يَجِدُونَ إِلَّا جُهْدَهُمْ.

ഈ സൂക്തത്തിന്റെ അവതരണ പശ്ചാത്തലമായി ധാരാളം നിവേദനങ്ങൾ ഉദ്ധരിക്കപ്പെട്ടിരിക്കുന്നു. അവയുടെ ചുരുക്കമിതാണ്: പ്രവാചകൻ(സ) ദാനധർമങ്ങൾ ചെയ്യാൻ ആഹ്വാനം ചെയ്തപ്പോൾ ഉമർ, അബ്ദുർറഹ്മാൻ ബിൻ ഔഫ് തുടങ്ങിയ സമ്പന്നരായ ശിഷ്യന്മാർ പെരുത്ത് മുതലുകൾ സംഭാവന ചെയ്തു. അതു കണ്ട് കപട വിശ്വാസികൾ അടക്കം പറഞ്ഞുകൊണ്ടിരുന്നു; അത് അയാളുടെ നാട്യമാണ്, പൊങ്ങച്ച പ്രകടനമാണ്. ഒരാൾ ഒരൊട്ടകത്തെ സംഭാവന ചെയ്തപ്പോൾ പതുക്കെ മറ്റൊരാൾ പറഞ്ഞു: "അയാളുടെ ഒട്ടകത്തേക്കാൾ മണ്ടനാണയാൾ." റാഫിഅതുബിൻ സഅ്ദ്, അബൂ ഉഖൈൽ തുടങ്ങിയവർ വളരെ ദരിദ്രരായിരുന്നു. അവർ രാത്രികാലത്ത് ചുമട്ടു ജോലിയിലേർപ്പെട്ടു സമ്പാദിച്ച രണ്ട് സ്വാഇൽ നിന്ന് ഒരു സ്വാഅ് വീട്ടുചെലവിനെടുത്ത് ഒരു സ്വാഅ് സംഭാവന ചെയ്തു. ഒരു സ്വാഅ് മാത്രം സമ്പാദിച്ചവർ അതിൽനിന്ന് പകുതി സംഭാവന ചെയ്തു. ഇത് കണ്ട് ചിലർ പറഞ്ഞു: "ഫൂ... ഇവന്മാരുടെ ഈ അര സ്വാഉം ഒരു സ്വാഉമൊക്കെ അല്ലാഹുവിനെന്തിനാണ്?" ഒരിക്കൽ അബ്ദുർറഹ്മാൻ ബിൻ ഔഫ് നാലായിരം സ്വർണ നാണയങ്ങളും, ആസ്വിർ ബിൻ അദിയ്യ് എന്ന അൻസ്വാരി തന്റെ അക്കൊല്ലത്തെ വിളവെടുപ്പിൽനിന്ന് എഴുപത് വസ്ഖും (ഏതാണ്ട് 130 കിലോ തൂക്കം വരുന്ന അളവാണ് ഒരു വസ്ഖ്) സംഭാവന ചെയ്തപ്പോൾ ചിലർ പറഞ്ഞു: "ഹും ഒരാൾ നാലായിരം സ്വർണനാണയം, മറ്റൊരാൾ എഴുപത് വസ്ഖ്. എല്ലാം നാട്യവും പൊങ്ങച്ചവുമാണെന്നേ. അല്ലെങ്കിൽ ഇവന്മാർക്കെന്താ ഇതൊക്കെ രഹസ്യമായി അങ്ങ് വിതരണം ചെയ്താൽ പോരേ?" ഇത്തരം വിമർശനങ്ങളുന്നയിക്കുന്നവരെയാണ് ٱلَّذِينَ يَلْمِزُونَ എന്ന വാക്കുകൊണ്ട് വിവക്ഷിക്കുന്നത്. ■